ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം 1- ൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവ കൂടാതെ ഒറ്റപ്പാലം മണ്ഡലത്തിൽ അമ്പലപ്പാറയിൽ എൽ.എ.സി.-എ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതിലഭിച്ച അമ്പലപ്പാറ പഞ്ചായത്തിലെ അകവണ്ട എന്ന കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിച്ചു.

(സി) കരിമുഴ, ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതികളുടെ സോഴ്സ് പ്രൊട്ടക്ഷന്റെ ഭാഗമായി ഭൂതപ്പുഴയിൽ രണ്ട് ചെക്ക് ഡാമുകൾ സ്ഥാപിക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി 'സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എഞ്ചിനീയറിംഗ്', തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കുകയാണ്. അവർക്കുള്ള അഡ്വാൻസ് തുക കേരള വാട്ടർ അതോറിറ്റി ഉടനെ കൈമാറുന്നതാണ്.

കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ കുടിവെള്ള പദ്ധതി

234 (899) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനത്തിലെ തടസ്സങ്ങൾ നീക്കി പദ്ധതി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോ വാട്ടർ, ക്ലീയർ വാട്ടർ പമ്പിംഗ് പൈപ്പ് ലൈനുകൾ, ജലവിതരണ കുഴലുകൾ എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് കട്ടിംഗ് അനുവാദം കെ.എസ്.റ്റി.പി.-യിൽനിന്നും കിട്ടുന്നതിലുണ്ടായ കാലതാമസം പണികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly